**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

വനം വന്യജീവി വകുപ്പ് - നാട്ടിലേക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നടപടി ക്രമങ്ങളുമടങ്ങുന്ന ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.**17/2025/F&WLD** തീയതി,തിരുവനന്തപുരം, **28-05-2025**

---

പരാമർശം:-

1. **18.05.2020** ലെ സ.ഉ(സാധാ) **111/2020**/വനം
2. **18.11.2020** ലെ സ.ഉ.(സാധാ.) **284/2020**/വനം
3. **11.01.2021** ലെ സ.ഉ.(സാധാ.) **5/2021**/വനം
4. **28. 01.2021** ലെ സ.ഉ.(സാധാ.) **25/2021** /വനം
5. **29. 05.2021** ലെ സ.ഉ.(സാധാ.) **159/2021**/വനം
6. **05.05.2022** ലെ സ.ഉ.(കൈ.) **23/2022**/വനം
7. **28.05.2022** ലെ സ.ഉ.(കൈ.) **29/2022**/വനം

**8** **31.05.2022** ലെ സ.ഉ.(സാധാ.) **239/2022**/വനം

**9** **27.05.2023** ലെ സ.ഉ.(കൈ.) **11/2023**/വനം

**10** **25.02.2024** ലെ സ.ഉ.(കൈ.) **9/2024**/വനം

**11** അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ **01.04.2025**-ലെ **KFDHQ/3331/2021-CWW/WL11** നമ്പർ കത്ത്

## ഉത്തരവ്

കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് അനുമതി നൽകി കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെട്ടവിച്ചിരുന്നു. തുടർന്ന് ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം

ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ **Honorary Wildlife** വാർഡൻ/ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന് അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് നൽകാൻ അധികാരപ്പെടുത്തിക്കൊണ്ട് പരാമർശം **(7)** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം **Honorary Wildlife** വാർഡൻ/ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഡെലിഗേറ്റ് ചെയ്യുവാൻ പരാമർശം **(8)** പ്രകാരവും ഉത്തരവായിരുന്നു. ടി ഉത്തരവുകളുടെ കാലാവധി ഒരോ വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം **(9),(10)** പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകളുടെ കാലാവധി **27.05.2025**-ന് അവസാനിക്കുന്നതിനാൽ ആയത് വീണ്ടും ദീർഘിപ്പിച്ചു നൽകുന്നതിനുള്ള ശുപാർശ പരാമർശം **(11)** പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയിരുന്നു.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നാട്ടിലേക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നടപടി ക്രമങ്ങളുമടങ്ങുന്ന പരാമർശം **(7),(8)** എന്നിവ പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ കാലാവധി **27.05.2025**-ന് (പരാമർശം **(10)** പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്) അവസാനിച്ചതിനാലും, മേൽ പ്രസ്താവിച്ച അധികാരങ്ങൾ ദീർഘിപ്പിച്ചു നൽകേണ്ട സാഹചര്യം സംസ്ഥാനത്തു നിലവിലുള്ളതിനാലും പരാമർശം **(7), (8)** ലെ സർക്കാർ ഉത്തരവുകളുടെ കാലാവധി **28.05.2025** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
(വൈൽഡ് ലൈഫ്) & ചിഫ് വൈൽഡ് ലൈഫ് വാർഡൻ,
തിരുവനന്തപുരം
ജില്ലാ കളക്ടർമാർ
സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം
വഴുതക്കാട്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്),
കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 2962)
വിവര പൊതുജന സമ്പർക്ക (വെബ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 29-05-2025 10:32:02

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പിഎസ്സിന്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. വനം-ഡി1/242/2023/വനം. ഇനം നം: 2962

വിഷയം : വനം-വന്യജീവി വകുപ്പ് - കൃഷിയ്ക്കും ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടി ക്രമങ്ങളുമടങ്ങുന്ന 28.05.2022-ലെ സ.ഉ.(കൈ)നം.29/2022/വനം, 31.05.2022-ലെ സ.ഉ.(സാധാ.) 239/2022/വനം., നമ്പർ ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നത്.

തീരുമാനം : കൃഷിയ്ക്കും ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുന്നതിന്, ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഹോണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ടും ആയതിന്മേലുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളുമടങ്ങുന്ന 28.05.2022-ലെ സ.ഉ.(കൈ).നം.29/2022/വനം, 31.05.2022-ലെ സ.ഉ.(സാധാ).നം. 239/2022/വനം നമ്പർ സർക്കാർ ഉത്തരവുകളുടെ (സ.ഉ.(കൈ).നം.9/2024/വനം പ്രകാരം 27.05.2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്) കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു.

- കാട്ടുപന്നികളെ കൂടാതെ മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള മറ്റു വന്യജീവികളെയും കൊല്ലുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ വനം-വന്യജീവി വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

(...2)

- നിയമ വകുപ്പ് സെക്രട്ടറിയുമായി കൂടിയാലോചിച്ച് ഇതിനാവശ്യമായ നിയമനിർമ്മാണത്തിനുള്ള നിർദ്ദേശം സമർപ്പിക്കാൻ വനം-വന്യജീവി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

2962

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | വനം-ഡി1/242/2023-വനം |
| 2. | വകുപ്പ് | വനം വന്യജീവി (ഡി) വകുപ്പ്, |
| 3. | വിഷയം | കൃഷിയ്ക്കും ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളുമടങ്ങുന്ന 28/05/2022-ലെ സ.ഉ(കൈ)നം.29/2022/വനം, 31/05/2022 ലെ സ.ഉ(സാധാ) 239/2022/വനം. നമ്പർ ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18/04/2025 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഇല്ല |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ബാധകമല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ് വി.ആർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ ആർ ജ്യോതിലാൽ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 2/5/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12/05/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15/05/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15/05/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൃഷിയ്ക്കും ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളുമടങ്ങുന്ന 28/05/2022 ലെ സ.ഉ(കൈ)നം.29/2022/വനം, 31/05/2022 ലെ സ.ഉ (സാധാ) 239/2022/വനം നം. ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ജനവാസ മേഖലകളിൽ മനുഷ്യ ജീവനും, സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ Honorary Wildlife Warden ന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാൻ അധികാരം നൽകിക്കൊണ്ട്, 28/05/2022-ൽ സ.ഉ(കൈ)നം.29/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ പ്രസ്തുത അധികാരം Honorary Wildlife Warden ന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്യുവാനുള്ള നടപടി സ്വീകരിയ്ക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകി 31/05/2022- -ൽ സ.ഉ (സാധാ) 239/2022/വനം നം. ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾക്ക് ഒരു വർഷത്തെ പ്രാബല്യം ആണ് ഉണ്ടായിരുന്നത്.

3. പ്രസ്തുത ഉത്തരവുകളുടെ കാലാവധി ദീർഘിപ്പിക്കണമെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയ അപേക്ഷയെത്തുടർന്ന് ടി ഉത്തരവുകളുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് 27/05/2023-ലെ സ.ഉ (കൈ)നം11/2023/വനം നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത നടപടി 23/06/2023 ൽ സ.ഉ (സാധാ) നം.247/2023-വനം ഉത്തരവ് പ്രകാരം മന്ത്രിസഭ സാധൂകരിക്കുകയുമുണ്ടായി.

4. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന പ്രമേയം സംസ്ഥാന നിയമസഭ 14/02/2024 -ന്ന ഐകകണ്ഠേന പാസ്സാക്കിയതിനാലും, കൂടാതെ മേൽ പരാമർശിച്ച അധികാരങ്ങൾ ദീർഘിപ്പിച്ച് നൽകേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാലും, ടി രണ്ട് ഉത്തരവുകളുടേയും കാലാവധി 27/05/2025 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ദീർഘിപ്പിച്ച് നൽകിയ ഉത്തരവിന്റെ കാലാവധി 27/5/2025 ൽ അവസാനിക്കുമെന്നതിനാൽ ടി ഉത്തരവുകളുടെ കാലാവധി ഒരു വർഷം കൂടി വീണ്ടും ദീർഘിപ്പിക്കുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശുപാർശ സമർപ്പിച്ചിരുന്നു.

5. അതേ സമയം നാട്ടിലിറങ്ങുന്ന എല്ലാ വന്യജീവികളേയും വെടിവച്ചുകൊല്ലുവാനുള്ള കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തെ തുടർന്ന്, മനുഷ്യ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നതിനായി, ഹോണററി വൈൽഡ് ലൈഫ് വാർഡനായി ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 5(2) പ്രകാരം ഡെലിഗേറ്റ് ചെയ്ത അധികാരം സർക്കാർ നിർദ്ദേശാനുസരണം, 08/04/2025 -ൽ KFDHQ/2358/2025/CWW-WL1 നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം, ചീഫ് വൈൽഡ് ലൈഫ് വാർഡൻ, താൽക്കാലികമായി റദ്ദാക്കിയിട്ടുള്ളതാണ്.

6 മേൽ സാഹചര്യത്തിൽ ജനവാസ മേഖലകളിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ചും, ആയതിനുള്ള അധികാരം ഡെലിഗേറ്റു ചെയ്തുകൊണ്ടും പുറപ്പെടുവിച്ച 28/05/2022-ലെ സ.ഉ(കൈ)നം.29/2022/വനം , 31/5/2022 ലെ സ.ഉ (സാധാ) 239/2022-വനം സർക്കാർ ഉത്തരവുകളുടെ കാലാവധി 28.05.2025 - മുതൽ ഒരു വർഷം കൂടി ദീർഘിപ്പിക്കുന്ന വിഷയം (ചക്കിട്ടപ്പാറ പഞ്ചായത്ത് പ്രസിഡന്റിന് പ്രസ്തുത കൈമാറ്റം ചെയ്ത അധികാരം നൽകേണ്ടതില്ല എന്ന ഉപാധിയോടെ) മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു:

മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

കൃഷിക്കും ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുന്നതിന്, ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഹോണററി വൈൽഡ് ലൈഫ് വാർഡന്/ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ടും ആയതിന്മേലുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളുമടങ്ങുന്ന 28/05/2022-ലെ സ.ഉ(കൈ)നം.29/2022/വനം, 31/5/2022 ലെ സ.ഉ (സാധാ) 239/2022-വനം നം സർക്കാർ ഉത്തരവുകളുടെ കാലാവധി (സ.ഉ(കൈ)9/2024/വനം. പ്രകാരം 27/05/2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്) ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് പ്രസ്തുത അധികാരം ഏൽപ്പിച്ചു കൊടുക്കേണ്ടതില്ല എന്ന ഉപാധിയോടെ, 28.05.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ?